# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെഎസ്എ-ഇകെഎം (പി 1)2192/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 31.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്,
മഴവന്നൂർ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം : മഴവന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

******* ******* ********* ***** ******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മവുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3) കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 1)2192/2018 തീയതി : 31.10.2018

## എറണാകുളം ജില്ലയിലെ മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ
## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയും എക്സിറ്റ് മീറ്റിംഗിലെ ചർച്ചകൾക്കു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഇല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ. സി.ആർ, ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 17.09.2018 മുതൽ 01.10.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. പോളി റ്റി.ഒ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജലജ എം.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനീഷ് ആർ | ഓഡിറ്റർ |
| ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അമ്മുക്കുട്ടി സുദർശനൻ | 01.04.2017 | 31.03.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ. ഫിലിപ്പ്. വി | 01.04.2017 | 31.03.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| ചെയർപേഴ്സൺ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി ഷൈനി കുര്യാക്കോസ് | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി അന്ന ഇ വർഗീസ് | 01.04.2017 | 31.03.2018 |
| ചെയർപേഴ്സൺ വിദ്യാഭ്യാസം & ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | ശ്രീമതി നളിനി മോഹൻ | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ. എം.എൻ മോഹനൻ | 01.04.2017 | 31.05.2017 |
| | ശ്രീ. ആർ.സോമശേഖര വാര്യർ (സെക്രട്ടറിയുടെ അധിക ചുമതല) | 01.06.2017 | 11.06.2017 |
| | ശ്രീ. ജഗദീഷ്. എം. പി | 12.06.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ആർ. സോമശേഖര വാര്യർ | 01.04.2017 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഉഷ മേരി ഡാനിയൽ | 01.04.17 | 04.10.17 |
| | ശ്രീമതി. സിനി ജോർജ് (അധികചുമതല) | 05.10.17 | 29.10.17 |
| | ശ്രീമതി.നിഷ പി.എസ് | 30.10.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷീനമോൾ റ്റി.കെ | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പി. സി. ഷീല | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കെ.എൻ. മഞ്ജുള | 01.04.17 | 31.03.18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീജ ഗോപിനാഥ് | 01.04.17 | 06.02.18 |
| | ശ്രീമതി. സുനിത സുരേന്ദ്രൻ | 06.02.18 | 31.03.18 |
| ലേഡി വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഐരാപുരം) | ശ്രീമതി. റഷീദ റ്റി. ഐ | 01.04.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മഴുവന്നൂർ) | ശ്രീ. അനൂപ് പോൾ | 01.04.17 | 24.06.17 |
| | ശ്രീമതി. റഷീദ റ്റി.ഐ (അധികചുമതല) | 25.06.17 | 04.07.17 |
| | ശ്രീ. അനിൽ പി. എസ് | 05.07.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | ശ്രീ. ജോബിൻസ് | 01.04.17 | 31.03.18 |
| ഹെഡ് മാസ്റ്റർ ജി.യു.പി.എസ് കുന്നക്കുരുടി | ശ്രീ.എം.കെ.ശിവദാസൻ | 01.04.17 | 31.03.18 |
| വെറ്റിനറി സർജൻ | ഡോ. ബിജു.കെ.വർഗീസ് | 01.04.17 | 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. പാർവ്വതി ദാസ് | 01.04.17 | 27.08.17 |
| | ശ്രീ. വിനോദ്. വി.ഡി | 28.08.17 | 31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റഫീന ബീവി എം.എം | 01.04.17 | 31.03.18 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-1 | |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം. | 2-2 | |
| 15 | ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു | 2-3 | |
| 16 | നെല്ലാട്, കിൻഫ്ര, ഐരാപുരം റബ്ബർ പാർക്ക് - പ്രത്യേക വ്യവസായ മേഖലകളിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. | 2-4 | |
| | ഭാഗം- 3 | | |
| 17 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകത | 3-1 | |
| 18 | സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചത്-ആവശ്യകത വ്യക്തമല്ല | 3-2 | |

| | | | |
|---|---|---|---|
| 19 | ഫോം വർക്കിന് അധിക നിരക്ക് നൽകി. | 3-3 | |
| 20 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കിയത് കാരണം വ്യക്തമല്ല | 3-4 | |
| 21 | സംരക്ഷണ ഭിത്തി തകർന്ന് വീണത് അന്വേഷണം നടത്തേണ്ടതാണ് | 3-5 | |
| 22 | EMS – ഭവന വായ്പ ആവശ്യത്തിലധികം എടുത്തത്. | 3-6 | |
| 23 | കറവപ്പശു വാങ്ങുന്നതിന് ധനസഹായം | 3-7 | |
| 24 | പെണ്ണാടുകളെ വാങ്ങുന്നതിന് ധനസഹായം | 3-8 | |
| 25 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 3-9 | |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക | 3-10 | |
| 27 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-11 | |
| ഭാഗം 4 | | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 36 | റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |

| | | | |
|---|---|---|---|
| 39 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

. 2017-18 വർഷത്തെ ബഡ്ജറ്റ് 28.03.2017 തീയതിയിലെ -2 -)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്ക്കരിച്ച ബജറ്റ് 31.03.2018 തീയതിയിലെ -7 -)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 11.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2017-18 | 21.06.18, 22.06.18 | കെ.എസ്.എ-ഇ.കെ.എം(പി.ജി) 1786(47)/2018 തീ.30.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7536968 |
| വരവ് | 100278552 |
| ആകെ | 107815520 |
| ചെലവ് | 99111280 |
| നീക്കിയിരിപ്പ് | 8704240 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (ബഡ്ജറ്റ് പ്രോഗ്രാം | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP 40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18409757 | 18409757 | 17772794 | 0 | 636963 |
| വികസന ഫണ്ട് (എസ്. സി.പി) | 0 | 8489150 | 8489150 | 7199732 | 0 | 1289418 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 270890 | 270890 | 246880 | 0 | 24010 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23496158 | 23496158 | 23496158 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5336097 | 5336097 | 4138759 | 0 | 1197338 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 8739209 | 8739209 | 7280897 | 0 | 1458312 |
| കെ.എൽ.എസ്. ജി.ഡി. പി | | 0 | 146653 | 146653 | 145331 | 0 | 1322 |
| സാക്ഷരത | | 68294 | 1831 | 70125 | 67518 | 2607 | 0 |
| ദുരിതാശ്വാസ നിധി | | 2985 | 121 | 3106 | 0 | 3106 | 0 |
| എം.എൻ. ആർ.ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 14289533 | 14289533 | 14289533 | 0 | - |
| | ഭരണ ചെലവ് | 2216 | 905762 | 907978 | 516300 | 391678 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടോട്ടൽ സാനിറ്റേഷൻ | 1209000 | 861000 | 2070000 | 248874 | 1821126 | 0 |
| | എ.ആർ. ഡബ്ല്യൂ. എസ്.എസ് | 15052 | 2016898 | 2031950 | 2002082 | 29868 | 0 |
| | ആർ.ജി.പി. എസ്.എ | 1500000 | 0 | 1500000 | 1500000 | 0 | 0 |
| | ഐ.സി. ഡി.എസ് | 857223 | 824957 | 1682180 | 821025 | 861155 | 0 |
| പശ്ചിമ ഘട്ട | | 100 | 0 | 100 | 0 | 100 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ഹഡ്കോ ഹൗസിംഗ് | 109259 | 4231 | 113490 | 0 | 113490 | 0 |
| | ബഡ്സ്കൂൾ ഗ്രാന്റ് | 14244 | 195103 | 209347 | 208154 | 1193 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ളോക്ക് പഞ്ചായത്ത് | 80000 | 1050000 | 1130000 | 1050000 | 80000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 250000 | 250000 | 250000 | 0 | 0 |
| ജനറൽപർപ്പസ് ഗ്രാന്റ് | | 0 | 11704000 | 11704000 | 11704000 | 0 | 0 |
| ബി. ഫണ്ട് | | 0 | 238920 | 238920 | 238920 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 136 | 60482955 | 94 | 45126949 | 5 | 37 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2216 | 905762 | 907978 | 516300 | 391678 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 14289533 | 14289533 | 14289533 | 0 |
| ആകെ | 2216 | 15195295 | 15197511 | 14805833 | 391678 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58920 | 101 |
| കർഷകത്തൊഴിലാളി പെൻഷൻ | 8122600 | 1006 |
| വിധവാപെൻഷൻ | 10424400 | 1236 |
| വാർദ്ധക്യകാലപെൻഷൻ | 21523400 | 2211 |
| വികലാംഗപെൻഷൻ | 3440800 | 417 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 493600 | 59 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.10.2018-ന് സെക്രട്ടറിയുടെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17802/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

1. വസ്തുനികുതി പിരിവിൽ പുരോഗതി - മുൻവർഷങ്ങളെ അപേക്ഷിച്ച് 2017-18 സാമ്പത്തീക വർഷത്തിൽ വസ്തുനികുതി പിരിവിൽ അഭിനന്ദനീയമായ പുരോഗതിയാണ് ഗ്രാമപഞ്ചായത്ത് കൈവരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| വർഷം | വസ്തുനികുതി പിരിവ് | വർദ്ധനവ് (%) |
|---|---|---|
| 2016-17 | 6196165 | |
| 2017-18 | 12499085 | 102 |

2. തൊഴിൽനികുതി സ്റ്റേറ്റ്മെന്റിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. ഉദാ- മിക്കവാറും സ്റ്റേറ്റ്മെന്റുകളിൽ അർദ്ധവാർഷിക വരുമാനം ചേർത്തിട്ടില്ല.
3. കെട്ടിട പെർമിറ്റിൽ നിർദ്ദിഷ്ട സ്ഥലത്തിന്റെ സർവ്വെ നം. ചേർത്തിട്ടില്ല. ഉദാ. - പെർമിറ്റ് നം. 40/2018. സണ്ണി പൗലോസ്
4. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.07.2018 | 06/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 | 2013-14, 2014-15, 2015-16, 2016-17 | 27.11.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ, 30.08.2018-ലെ കെ.എസ്.എ-ഇ.കെ.എം (പി.ജി)1786(47)/2018 നമ്പർ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഴവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 16/09/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ III(1) പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. താഴ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | | | | | ഈടാക്കിയ നികുതി | | | | | കുറവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| കെട്ടിട നം. | വിസ്തൃതി | അടി സ്ഥാന നികുതി | വർദ്ധ നവ് | ഇളവ് | ലൈ ബ്രറി സെസ് | ആകെ | അടി സ്ഥാന വസ്തു നികുതി | വർദ്ധ നവ് | ഇളവ് | ലൈ ബ്രറി സെസ് | ആകെ | |
| II/319 A | 105.50 | 5275 | - | 1583 | 185 | 3877 | 3165 | - | 949 | 111 | 2327 | 1550 |
| IV/483 | 145.38 | 7269 | 1454 | - | 436 | 9159 | 4361 | 873 | - | 262 | 5496 | 3663 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| B | | | | | | | | | | | | |
| IV/483 C | 145.38 | 7269 | 1454 | - | 436 | 9159 | 4361 | 873 | - | 262 | 5496 | 3663 |
| VI/3A | 196.00 | 9800 | | 980 | 441 | 9261 | 5880 | - | 588 | 265 | 5557 | 3704 |
| XI/267 A | 111.78 | 5589 | - | 1118 | 224 | 4695 | 3354 | - | 671 | 135 | 2818 | 1877 |
| XVIII/ 474A | 139.47 | 6475 | 1296 | 648 | 355 | 7478 | 3884 | 777 | 388 | 214 | 4487 | 2991 |
| | | | | | | | | | ആകെ | | | 17448 |

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1-ന് പ്രസ്തുത നികുതി നിർണ്ണയങ്ങൾ നടത്തിയത് മുൻ വർഷങ്ങളിലാണ് എന്ന മറുപടിയാണ് നൽകിയത്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം 2017-18 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇനത്തിൽ 17448 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ നികുതി പുനഃനിർണ്ണയം നടത്തേണ്ടതും ഈ ഇനത്തിലെ നഷ്ടം ബന്ധപ്പെട്ട നികുതി ദായകരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു - നികുതി നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം മഴവന്നൂർ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.) | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി 50 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, | നിർണ്ണയിച്ച നികുതി 30 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ്, | കുറവ് |
|---|---|---|---|---|

| | | ഗ്രന്ഥശാല വരി ഉൾപ്പെടെ) | ഗ്രന്ഥശാല വരി ഉൾപ്പെടെ) | |
|---|---|---|---|---|
| III/510A | 22.64 | 1427 | 857 | 570 |
| III/510B | 22.64 | 1427 | 857 | 570 |
| III/510C | 22.64 | 1427 | 857 | 570 |
| III/510D | 22.64 | 1427 | 857 | 570 |
| III/510E | 22.64 | 1427 | 857 | 570 |
| III/510F | 22.64 | 1427 | 857 | 570 |
| III/510G | 24.75 | 1560 | 936 | 624 |
| III/510H | 24.75 | 1560 | 936 | 624 |
| III/510I | 18.60 | 1172 | 704 | 468 |
| III/510J | 18.60 | 1172 | 704 | 468 |
| III/510K | 18.60 | 1172 | 704 | 468 |
| III/510L | 18.60 | 1172 | 704 | 468 |
| III/510M | 18.60 | 1172 | 704 | 468 |
| III/510N | 18.60 | 1172 | 704 | 468 |
| III/510O | 18.60 | 1172 | 704 | 468 |
| III/510P | 18.60 | 1172 | 704 | 468 |
| III/510Q | 18.60 | 1172 | 704 | 468 |
| III/510R | 18.60 | 1172 | 704 | 468 |
| III/510S | 32.77 | 2188 | 1178 | 1010 |
| II/510T | 32.77 | 2188 | 1178 | 1010 |
| II/510U | 32.77 | 2188 | 1178 | 1010 |
| III/510V | 32.77 | 2188 | 1178 | 1010 |
| III/510W | 32.77 | 2188 | 1178 | 1010 |
| III/510AB | 32.77 | 2188 | 1178 | 1010 |
| III/510AC | 32.77 | 2188 | 1178 | 1010 |
| III/510AD | 32.77 | 2188 | 1178 | 1010 |
| III/510AE | 32.77 | 2188 | 1178 | 1010 |
| III/510AF | 32.77 | 2188 | 1178 | 1010 |
| III/510AG | 32.77 | 2188 | 1178 | 1010 |
| III/510AH | 32.77 | 2188 | 1178 | 1010 |
| III/510AI | 32.77 | 2188 | 1178 | 1010 |
| III/510AJ | 32.77 | 2188 | 1178 | 1010 |
| III/510AK | 32.77 | 2188 | 1178 | 1010 |
| III/510AL | 32.77 | 2188 | 1178 | 1010 |
| III/510AM | 32.77 | 2188 | 1178 | 1010 |
| | | | ആകെ | 26518 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3-ന് പ്രസ്തുത നികുതി നിർണ്ണയം നടത്തിയത് മുൻവർഷങ്ങളിലാണ് എന്ന മറുപടിയാണ് നൽകിയത്. സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ

അവയുടെ നികുതി ഉയർന്ന നിരക്കിൽ പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചു

ഡി & ഒ ലൈസൻസിനായി സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായ ഉപയോഗക്രമത്തിലാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം/ ലൈസൻസ് നം | കെട്ടിട നം | ആവശ്യം | നികുതി നിർണ്ണയിച്ച ഉപയോഗക്രമം/ നിരക്ക് | നികുതി നിർണ്ണയിക്കേണ്ടിയിരുന്ന ഉപയോഗക്രമം/ നിരക്ക് |
|---|---|---|---|---|---|
| 1 | 214/17-18 | VIII/482A | ഷോപ്പ് | പാർപ്പിടാവശ്യം-4 രൂ/ച.മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറൻുകൾ, ഷോപ്പുകൾ, ഗോഡൗൺ- 50 രൂ./ച.മീ. |
| 2 | 225/17-18 | II/101B | ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് | പാർപ്പിടാവശ്യം-4 രൂ/ച.മീ. | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ-40 രൂ./ച.മീ. |
| 3 | 247/17-18 | VIII/482A | ഷോപ്പ് | പാർപ്പിടാവശ്യം-4 രൂ/ച.മീ. | വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറൻുകൾ, ഷോപ്പുകൾ, ഗോഡൗൺ-50 രൂ./ച.മീ. |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3-ന് ബന്ധപ്പെട്ട ഉപയോഗക്രമത്തിലേക്ക് മാറ്റി വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച്, വസ്തുനികുതി പുന:നിർണ്ണയിച്ച് നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും കുടിശിക ഉൾപ്പെടെ ഈടാക്കേണ്ടതാണ്.

## 2-4 നെല്ലാട്, കിൻഫ്ര, ഐരാപുരം റബ്ബർ പാർക്ക് - പ്രത്യേക വ്യവസായ മേഖലകളിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നെല്ലാട്, കിൻഫ്ര, ഐരാപുരം റബ്ബർ പാർക്ക് - പ്രത്യേക വ്യവസായ മേഖലകളിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | പടിഞ്ഞാറേക്കര ഇൻഡസ്ട്രീസ്, കീഴില്ലം-അറക്കപ്പടി റോഡ്. |
| 2 | ഹരിദേവ് ഫോർമുലേഷൻസ്, നെല്ലാട്. |
| 3 | സെബാസ് ഫുഡ് പ്രൊഡക്ട്സ്, നെല്ലാട്. |
| 4 | മാതാ പ്ലൈവുഡ്, ഐരാപുരം. |
| 5 | പോപ്പുലർ ഇംപ്ലിമെൻറ്സ്, ഐരാപുരം. |
| 6 | ബി&എ സ്റ്റോഴ്സ് ഇൻഡസ്ട്രീസ്, മണ്ണൂർ. |
| 7 | എഎംഇഎസ് ഫുഡ് പ്രൊഡ്യൂസേഴ്സ്, കിൻഫ്ര, നെല്ലാട് |
| 8 | സ്റ്റാർ പോളി പാക്കേഴ്സ്, കിൻഫ്ര, നെല്ലാട് |
| 9 | എബി ഫർണ്ണിച്ചേഴ്സ്, കിൻഫ്ര, നെല്ലാട് |
| 10 | ബാലൂസ് പോളിമേഴ്സ്, കിൻഫ്ര, നെല്ലാട് |
| 11 | ബോസ് നാച്ചുറൽ ഫ്ലേവേഴ്സ്, കിൻഫ്ര, നെല്ലാട് |
| 12 | എൽജി അരോമാറ്റിക്സ്, കിൻഫ്ര, നെല്ലാട് |
| 13 | എംഇ പോളിമേഴ്സ്, കിൻഫ്ര, നെല്ലാട് |
| 14 | പോപ്പുലർ അഗ്രോ മെറ്റൽസ്, കിൻഫ്ര, നെല്ലാട് |
| 15 | പ്രോമിസ് പാക്കേജിംഗ്, കിൻഫ്ര, നെല്ലാട് |
| 16 | ആർഎം എക്വിപ്മെൻറ്സ്, കിൻഫ്ര, നെല്ലാട് |
| 17 | സരോജ ഇൻഡസ്ട്രീസ്, കിൻഫ്ര, നെല്ലാട് |
| 18 | സെൻ്റ് മേരീസ് റൈസ് മിൽ, കിൻഫ്ര, നെല്ലാട് |
| 19 | സൂപ്പർടെക് പോളിമേഴ്സ്, കിൻഫ്ര, നെല്ലാട് |
| 20 | ടിക്കോൺ പാക്കേജിംഗ്, കിൻഫ്ര, നെല്ലാട് |
| 21 | റോയൽ അഗ്രോ കെമിക്കൽ ഇൻഡസ്ട്രീസ്, കിൻഫ്ര, നെല്ലാട് |
| 22 | മെട്രോ പാക്കിംഗ്, കിൻഫ്ര, നെല്ലാട് |
| 23 | യൂണിപവർ ട്രാൻസ്ഫോമർ, കിൻഫ്ര, നെല്ലാട് |
| 24 | ഫുഡ്സ് ഇൻഡ്യ പ്രൈ. ലിമിറ്റഡ്, കിൻഫ്ര, നെല്ലാട് |
| 25 | സ്റ്റേറ്റ് മാർക്കറ്റിംഗ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി, ഐരാപുരം |
| 26 | എഡ്വിൻ കെയർ ലാറ്റെക്സ്, ഐരാപുരം |
| 27 | മിഡ്ലാൻഡ് ട്രേഡ്സ്, ഐരാപുരം |

ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6ന്, തൊഴിൽനികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി ഈടാക്കാൻ ആവശ്യപ്പെട്ട് തൊഴിലുടമകൾക്ക് നോട്ടീസ് നൽകിയെങ്കിലും പ്രത്യേക വ്യവസായ മേഖലയിലുൾപ്പെട്ട സ്ഥാപനങ്ങളായതിനാൽ തൊഴിൽനികുതി ബാധകമല്ല എന്ന നിലപാടാണ് സ്ഥാപന ഉടമകൾ സ്വീകരിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. ടി നിയമ പ്രകാരമോ, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരമോ, ഏതെങ്കിലും സർക്കാർ ഉത്തരവുകൾ പ്രകാരമോ പ്രത്യേക വ്യവസായ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽനികുതിയിതിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

ഏതെങ്കിലും ബില്ലിലോ, ഡിമാൻ്റ് നോട്ടീസിലോ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽനികുതി തുക

അങ്ങനെയുള്ള നോട്ടീസ് നടത്തി കുറവ് ചെയ്യുന്നതിനോ, ശേഖരിക്കുന്നതിനോ, അഥവാ അങ്ങനെയുള്ള തുക അടക്കുന്നതിനോ ബാധ്യസ്ഥനായ ആഫീസ് തലവന്റേയോ, തൊഴിലുടമയുടേയോ ഭാഗത്ത് നിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുത്തുമ്പോൾ അങ്ങനെയുള്ള തുക അപ്രകാരമുള്ള ആഫീസ് തലവനിൽ നിന്നോ, തൊഴിലുടമയിൽ നിന്നോ, അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്നപോലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 210ാം വകുപ്പ് പ്രകാരം വസൂലാക്കേണ്ടതാണ്. [1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)ചട്ടങ്ങൾ, ചട്ടം 24(1)]. ആയതിനാൽ, ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയ കിൻഫ്രയിലേയും, റബ്ബർ പാർക്കിലേയും തൊഴിലുടമകൾക്കെതിരെ വകുപ്പ് 210 പ്രകാരമുള്ള നിയമനടപടി ഗ്രാമപഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്.

തൊഴിൽനികുതി ചട്ടം നടപ്പിലാക്കുമ്പോൾ എന്തെങ്കിലും വൈഷമ്യങ്ങളോ, സംശയമോ ഉണ്ടാവുകയാണെങ്കിൽ, അത്തരം സംഗതികളെ സർക്കാരിന്റെ പരാമർശത്തിനായി വിടാവുന്നതാണ്. [1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി)ചട്ടങ്ങൾ, ചട്ടം 25]. കിൻഫ്രയിലേയും, റബ്ബർ പാർക്കിലേയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശവും തേടാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകത

പഞ്ചായത്ത് തനത് വർഷം 3.60 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും റോഡ് ടാറിംഗ് ആണ്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

## 3-2 സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചത്-ആവശ്യകത വ്യക്തമല്ല

1.

| | |
|---|---|
| പ്രവൃത്തി | തട്ടാംമുഗൾ മാമ്പക്കാട് താഴം റോഡ് സൈഡ് കെട്ട് |
| പ്രൊജക്ട് | S 071/18 |
| കൺവീനർ | ശ്രീ. എൽദോ പോൾ |
| എം ബുക്ക് | 56/16-17 |
| നല്കിയതുക | 89,557/-(bill No. 46/26-3-18) |

സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സാധാരണ സിമന്റ് ഉപയോഗിക്കാതെ DRM പണിയാണ് ചെയ്യുന്നത് കൂടാതെ Finance (Inspection Wing Technical) Dept.-ന്റെ 18.11.2016-ലെ 87/16 നമ്പർ സർക്കുലർ പ്രകാരം സംരക്ഷണ ഭിത്തി DMR പ്രകാരമാണ് പണിയേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ

29 മീറ്റർ നീളത്തിൽ 1.30 മീറ്റർ വീതിയിൽ സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് (specification no. od184480/17-18 പ്രകാരം) 16.965m3 x 4430.35/m3 =75,160/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ DRM പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് നൽകിയ നിരക്ക്(specification no. od184480/17-18 പ്രകാരം) 2544.70/m3 ആണ്. സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2.

| | |
|---|---|
| പ്രവൃത്തി | തട്ടാംമുഗൾ അംഗൻവാടി ചുറ്റുമതിൽ നിർമാണം |
| പ്രൊജക്ട് | S 075/18 |
| കരാറുക്കാരൻ | ശ്രീ. ഇ. പി. ജോസ് |
| എം ബുക്ക് | 34/16-17 |
| നല്കിയ തുക | 4,39,861/-(bill No. 46/26-3-18) |

ഈ പ്രവൃത്തിയിൽ 93 മീറ്റർ നീളത്തിൽ 0.84 മീറ്റർ വീതിയിൽ സിമന്റ് ഉപയോഗിച്ച് (RR) സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് (specification No. od184480/17-18 പ്രകാരം) 38.16m3 x 4692.87/m3 = 1,79,81/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ DRM പ്രകാരം സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് നൽകിയ നിരക്ക് (specification No. od184480/17-18 പ്രകാരം) 2544.70/m3 ആണ്.

## 3-3 ഫോം വർക്കിന് അധിക നിരക്ക് നൽകി.

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0052/18,<br>ഡബിൾ കനാൽ വിശ്വകർമ്മ റോഡ് നിർമ്മാണം |
| കരാറുകാരൻ | ശ്രീ കെ കെ ഷാജി |
| അളവു പുസ്തകം | 72/16-17 |
| ചെലവ് | 2,41,000/- dtd 31-3-18 Bill No.82 |

ഡബിൾ കനാൽ വിശ്വകർമ്മ റോഡ് നിർമ്മാണം എന്ന പ്രോജക്ടിൽ ഡ്രെയിനേജിന്റെ സൈഡ് കെട്ടിന് 22.7 മീറ്റർ നീളത്തിൽ 0.60 മീറ്റർ താഴ്ചയിൽ മണ്ണ് മാറ്റി Form work ചെയ്തതിന് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. കാനയുടെ ഫോം വർക്കിന് നൽകേണ്ട നിരക്ക് (upto plinth level) CPWD 4.3.1 പ്രകാരം ഒരു ചതുരശ്ര മീറ്ററിന് 258.40/- രൂപയാണ്. എന്നാൽ CPWD 4.3.2 പ്രകാരം ഒരു ചതുരശ്ര മീറ്ററിന് 488.23/- രൂപയാണ് നൽകിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(a) നൽകിയ തുക – 13.62 m2 x 488.23/m2 = 6649.69/- രൂപ.
(b) നൽകേണ്ട തുക 13.62 m2 x 258.4/m2 = 3,519/- രൂപ .
(c) അധികം നൽകിയ തുക 3130/- രൂപ.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, നഷ്ടത്തിന് ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കി കാരണം വ്യക്തമല്ല

| | |
|---|---|
| പ്രവൃത്തി | ആച്ചേരിത്താഴം കുളിക്കടവ് നടപ്പാത നിർമാണം |
| പ്രൊജക്ട് | S 064/18 |
| കരാറുകാരൻ | ശ്രീ. അനമോൻ ഐസക് |

| | |
|---|---|
| എം ബുക്ക് | 40/16-17 |
| നല്കിയ തുക | 1,72,812/-(bill No. 46/26-3-18) (Tender below – 22.22%) |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റും എഗ്രിമെന്റും പ്രകാരവും റോഡിന്റെ സൈഡ് കെട്ട് ഡ്രൈ റബിൾ മേസനറിയിലാണ് ചെയ്യേണ്ടത്. എന്നാൽ ഒരു കാരണവും രേഖപ്പെടുത്താതെ ഡ്രൈ റബിൾ മേസനറി ഒഴിവാക്കി എക്സ്ട്രാ ഇനമായി RRM പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം RRM – ന് 10.35 m3 x 4692.89/m3 = 48,571/- രൂപ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരമുള്ള ഡ്രൈ റബിൾ മേസനറി നല്കാവുന്ന തുക 10.35 m3 x 2,722.23/m3 =28,175/- രൂപയാണ്.

ഡ്രൈ റബിൾ മേസനറി ഒഴിവാക്കി RRM പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ലാത്തതുമാണ്.

## 3-5 സംരക്ഷണ ഭിത്തി തകർന്ന് വീണത് അന്വേഷണം നടത്തേണ്ടതാണ്

| | |
|---|---|
| പ്രവൃത്തി | ബഥനിമഠം റോഡ് സൈഡ് കെട്ട് |
| പ്രൊജക്ട് | S 079/18 |
| കൺവീനർ | ആനി ജോയി |
| എം ബുക്ക് | 79/16-17 |
| നല്കിയ തുക | 79,641/- (bill No. 49/26-3-18) |

നിലവിലുണ്ടായിരുന്ന തകർന്ന പോയ 29 മീറ്റർ നീളത്തിലുള്ള സംരക്ഷണ ഭിത്തി പൊളിച്ച് അവിടെ വീണ്ടും സംരക്ഷണ ഭിത്തി നിർമ്മിച്ചതിന് 79,641/- രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സംരക്ഷണ ഭിത്തി തകരാറിലായ കാരണം വ്യക്തമല്ല. പ്രവൃത്തിയിലെ അപാകത കാരണമാണോ സംരക്ഷണ ഭിത്തി തകരാറിലായത് എന്നത് സംബന്ധിച്ച് അന്വേഷിക്കേണ്ടതാണ്. അപ്രകാരമാണെങ്കിൽ ഉത്തരവാദിയായവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

## 3-6 EMS – ഭവന വായ്പ ആവശ്യത്തിലധികം എടുത്തത്

EMS ഭവന പദ്ധതിക്കായി ഇതുവരെ ആകെ 1,65,94,485/ രൂപ കോ -ഓപറേറ്റിവ് ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ട്. ഇതിന്റെ 31-3-2018 വരെയുള്ള പലിശ 56,74,890/- രൂപയാണ്. ഇതുവരെ വായ്പയുടെ മുതലിനത്തിൽ 1,39,96,278/- രൂപയും പലിശയിനത്തിൽ 25,68,207/- രൂപയും അടച്ചിട്ടുണ്ട്. ഇനിയും മുതലായി 25,68,207/- രൂപയും പലിശയായി 34,83,391/- രൂപയും അടക്കാനുണ്ട്. ആകെ എടുത്ത വായ്പയിൽ 22,87,500/- രൂപ 9-6-2014 ൽ എടുത്തതാണ്. ഇത് വി.ഇ.ഓ – യുടെ അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൽ 11,55,534/- രൂപ മാത്രമാണ് ഭവന പദ്ധതിക്കായി ചെലവഴിച്ചത്. ബാക്കി 11,31,966/- രൂപ ആവശ്യമില്ലാതെ അധികമായി എടുത്തു. ഇപ്രകാരം അധികമായി എടുത്ത 11,31,966/- രൂപ ഏതാണ്ട് 4 വർഷത്തോളം എടുത്ത് 26-10-17 ൽ മാത്രമാണ് വായ്പയിനത്തിൽ തിരിച്ചടച്ചത്. മാത്രമല്ല വി .ഇ . ഓ – യുടെ അക്കൌണ്ടിൽ ഒരു ഇടപാടും ഇല്ലാതെ വർഷങ്ങളായി ബാക്കിയുണ്ടായിരുന്ന തുക വായ്പയിനത്തിൽ ഇത്രയും വൈകി അടച്ചത് കാരണം ലക്ഷകണക്കിന് രൂപയാണ് പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം വന്നത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 കറവപ്പശു വാങ്ങുന്നതിന് ധനസഹായം

1.

| | |
|---|---|
| പ്രോജക്ട് | വനിതകൾക്ക് കറവപ്പശു വാങ്ങുന്നതിന് ധനസഹായം |

| | |
|---|---|
| പ്രോജക്ട്നം. | S0119/18 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 19,00,000/- |
| ചെലവ് | 9,50,000/-(പദ്ധതിവിഹിതം)<br>9,50,000/-(ഗുണ.വിഹിതം) |

2.

| | |
|---|---|
| പ്രോജക്ട് | എസ്.സി.വനിതകൾക്ക് കറവപ്പശു വാങ്ങുന്നതിന് ധനസഹായം |
| പ്രോജക്ട് നം. | S0189/18 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 4,40,000/- |
| ചെലവ് | 3,30,000/-(പദ്ധതിവിഹിതം)<br>1,10,000/-(ഗുണ.വിഹിതം) |

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽപദ്ധതികളിലൂടെ ഉദ്ദേശിക്കുന്നത് ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഉരുവിന് നിശ്ചിത ശതമാനം സബ്സിഡി അനുവദിച്ച് പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്നതാണ്. എന്നാൽ പശുക്കൾക്ക്, വില നിശ്ചയിച്ചിരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല. ഒരു പശുവിന് 50,000/- രൂപാണ് വില നിശ്ചയിച്ചിട്ടുള്ളത്. മാർഗരേഖ പ്രകാരം പാലിന്റെ അളവ് കണക്കാക്കിയാണ് പശുവിന്റെ വില നിശ്ചയിക്കേണ്ടത്. എന്നാൽ ലഭിക്കുന്ന പാലിന്റെ അളവ് സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല. ആയതിനാൽ പാലിന്റെ ലഭ്യത കണക്കാക്കാതെ പശുവിന് വില നിശ്ചയിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-8 പെണ്ണാടുകളെ വാങ്ങുന്നതിന് ധനസഹായം

1.

| | |
|---|---|
| പ്രോജക്ട് | വനിതകൾക്ക് പെണ്ണാടുകളെ വാങ്ങുന്നതിന് ധനസഹായം |
| പ്രോജക്ട് നം. | S 0118/18 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 10,40,000/- |
| ചെലവ് | 5,20,000/-(പദ്ധതിവിഹിതം)<br>5,20,000/-(ഗുണ.വിഹിതം) |

2.

| | |
|---|---|
| പ്രോജക്ട് | എസ്.സി.വനിതകൾക്ക് പെണ്ണാടുകളെ വാങ്ങുന്നതിന് ധനസഹായം |
| പ്രോജക്ട്നം. | S 0188/18 |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 1,76,000/- |
| ചെലവ് | 1,32,000/-(പദ്ധതിവിഹിതം)<br>44,000/-(ഗുണ.വിഹിതം |

ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്ന മേൽ പദ്ധതിപ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ വിലയുടെ നിശ്ചിത ശതമാനം തുക സബ്സിഡിയായി ധനസഹായം നല്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്)4/2016 തസ്വഭവ 11.1.2016 സബ്സിഡി മാനദണ്ഡപ്രകാരം കുറഞ്ഞത് 10 കിലോ എങ്കിലും തൂക്കം ഉള്ള ആടുകളെയാണ് വാങ്ങേണ്ടത്.എന്നാൽ ഇവിടെ ആടുകളുടെ പ്രായം മാത്രം പരിഗണിച്ച് വില നിശ്ചയിച്ച് വാങ്ങിയതായി കാണുന്നു. പദ്ധതിപ്പണം എങ്ങിനെയും ചെലവഴിക്കുക എന്നത് ശരിയായ നടപടിയല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾകൂടി പാലിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകംശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S 0008/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/-(പദ്ധതിവിഹിതം)ബിൽ നം.1/17-18 തീ.27.09.17 |

മേൽ പദ്ധതിയ്ക്ക് പദ്ധതിവിഹിതം ആയ 3,00,000/-രൂപ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി പാതിരാപ്പള്ളി.പി.ഒ. ആലപ്പുഴ 20.11.2017 ന് കൈപ്പറ്റിയതാണ്. എന്നാൽ മരുന്ന് ലഭിച്ചത് 2018 സെപ്റ്റംബർ മാസത്തിൽ മാത്രമാണ്. തുടർനടപടികൾ പൂർത്തിയാകാത്തതിനാൽ അവയുടെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 2016-17 വർഷം ലഭിക്കേണ്ടതായിരുന്ന 2,50,000/-രൂപയുടെ മരുന്ന് ലഭിച്ചത് (ഇൻവോയിസ് നം.1306 തി.28.12.2017, ഓർഡർ നം.22/17/ജി.എച്ച്.ഡി.എം.28.03.2017) 02.01.2018-ന് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് പരിശോധിച്ചിട്ടുണ്ട്.

## 3-10 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള 854 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള പ്രതിമാസ തുകയായ 3,73,625/- രൂപയാണ് 2017-18 കാലയളവിൽ ഓരോ മാസവും ജല അതോറിറ്റിയിൽ അടവാക്കിപോരുന്നത്. ജല അതോറിറ്റിയിൽ നിന്നും ലഭിച്ച 2018 മാർച്ച് മാസത്തെ ബില്ല് പ്രകാരം 31.03.2018 വരെ കുടിശ്ശിക ഉൾപ്പെടെ ആകെ അടവാക്കേണ്ട തുക 3,88,94,076/- രൂപയായിരുന്നു, ഇതിൽ മാർച്ച് മാസത്തെ വെള്ളക്കരം അടവാക്കിയത് കുറച്ചാൽ 01.04.2018-ൽ ഈ ഇനത്തിൽ 3,85,20,451/- രൂപ കുടിശ്ശികയുണ്ട്. പഞ്ചായത്ത് അതാത് മാസത്തെ വെള്ളക്കരം മാത്രം അടവാക്കി പോരുന്നതിനാൽ നിലവിലെ കുടിശ്ശിക തുകക്ക് കൂടി ഓരോ മാസവും പിഴപലിശ വരുന്നതിനാൽ ഈ ഇനത്തിൽ വലിയ ബാധ്യതയാണ് പഞ്ചായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വളരെ വലിയ കുടിശ്ശിക നിലനിൽക്കുന്നതിനാൽ ഇളവ് അനുവദിക്കുന്നനതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്കും ഗവൺമെന്റിനും അപേക്ഷ നൽകി അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിൻറെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവ് | തുക കൈപ്പറ്റിയത് |
|---|---|---|---|
| S0226/18 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 25,50,000 ബിൽ നം.17/17-18 /തീയതി 17.03.18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലുവ |

വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 8,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 8,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ | 659920/ 29.11.2017 | 13,726/- | 50,514/- | 0 |

| | | | | | |
|---|---|---|---|---|---|
| | മുകളിലെ കെ.എസ്.ഇ.ബി ലൈൻ മാറ്റി സ്ഥാപിക്കൽ | 659916/ 13.10.2017 | 36,788/- | | |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 21701119 | 25,50,000/- | 0 | 25,50,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | 2016-17 വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ലോൺ തിരിച്ചടവ് | സ.ഉ. (സാ.ധാ) 952/2010/ ത.സ്വ.ഭ.വ /19.03.2010 | 1,65,64,485 | 58,84,342 | 33,16,135 | - | 25,68,207 |
| ഹഡ്കോ വായ്പ | - | - | 109259 | - | - | 113490 |

തൻ വർഷം 423/- രൂപ പലിശയിനത്തിലെ കുടിശ്ശിക മുതലിന്റെ കൂടെ കൂടിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 306908 രൂപയുടെ വിഷദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഭാഗം/ഖണ്ഡിക | ഈടാക്കിയ | ഒടുക്കിയ ആളുടെ | രസീത് നം /തീയതി |
|---|---|---|---|---|

| വർഷം | | തുക | പേരും, ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2005-06 | 2-1 സി | 150 | പ്രിൻസിപ്പാൾ വളയൻ ചിറങ്ങര ഗവ.ഹയർ സെക്കൻഡറി സ്കൂൾ | 117030101381/29.06.17 |
| 2005-06 | 2-1 ബി | 7350 | പ്രിൻസിപ്പാൾ വളയൻ ചിറങ്ങര ഗവ.ഹയർ സെക്കൻഡറി സ്കൂൾ | 117030101387/29.06.17 |
| 2005-06 | 2-1 ബി | 180 | ഹെഡ്മാസ്റ്റർ | 117030101403/30.06.17 |
| 2005-06 | 2-1 ബി | 573 | സെക്രട്ടറി മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030101513/06.07.17 |
| 2006-07 | 2-3 | 100 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030101776/01.07.17 |
| 2006-07 | 2-4 | 45 | ശിവശങ്കരൻ നായർ | 117030102329/09.08.17 |
| 2007-08 | 2-2 | 138 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030102329/09.08.17 |
| 2005-06 | 2-3ബി | 375 | വി.കെ.സത്യൻ | 117030102352/09.08.17 |
| 2003-04 | 2-1 | 1380 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030101581/11.07.17 |
| 2006-07 | 2-2 | 100 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030102412/11.08.17 |
| 2003-04 | 2-1 | 1250 | റ്റി.എം.അബൂബക്കർ | 117030101604/12.07.17 |
| 2004-05 | 2-1 | 500 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030101615/12.07.17 |
| 2004-04 | 2-1 | 325 | പി.പി.ജേക്കബ് | 117030101617/12.07.17 |
| 2004-05 | 2-1 | 450 | സജി ഏലിയാസ് | 117030101618/12.07.17 |
| 2004-05 | 2-1 | 200 | എം.പി.കിട്ടു | 117030101619/12.07.17 |
| 2013-14 | 2-1 | 3000 | പി.വി.സന്തോഷ് | 117030102561/16.08.17 |
| 2013-14 | 2-1 | 1500 | ആഷ സന്തോഷ് | 117030102562/16.08.17 |
| 2005-06 | 2-1 ബി | 1250 | സുശീല വേണുഗോപാലൻ നായർ | 117030102591/17.08.17 |
| 2005-06 | 2-1 ഡി | 750 | മാനേജർ | 117030102623/18.08.17 |
| 2014-15 | 2-3 | 750 | ബിജു പോൾ | 117030102624/18.08.17 |
| 2006-07 | 2-2 | 35 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030102662/21.08.17 |
| 2005-06 | 2-3ബി | 1250 | മൊയ്തീൻ | 117030102679/18.08.17 |
| 2005-06 | 2-1ഡി | 600 | എൻ.വേണുഗോപാൽ | 117030102753/18.08.17 |
| 2011-12, 2012-13 | 2-1 | 840 | മെറീന ജോസ് | 117030102827/25.08.17 |
| 2011-12, 2012-13 | 2-1 | 1680 | വർഗ്ഗീസ് കെ.വി | 117030103528/05.10.17 |
| 2007-08 | 2-3 | 1000 | നൗഷാദ് നൈനാസ് | 1170301023592/06.10.17 |
| 2014-15 | 2-3 | 1000 | എം.എം.ബഷീർ | 117030103613/07.10.17 |
| 2006-07 | 2-2 | 167 | ബെന്നി മാത്യു | 117030103196/18.09.17 |

| | | | | |
|---|---|---|---|---|
| 2006-07 | 2-2 | 55 | പൗലോസ് | 117030103198/18.09.17 |
| 2014-15 | 2-2 | 11450 | എൽദോ കുരുവിള | 117030103660/10.10.17 |
| 2007-08 | 2-3 | 250 | സജി ഏലിയാസ് | 117030103692/11.10.17 |
| 2006-07 | 2-2 | 14 | ഇ.രാധാകൃഷ്ണൻ | 117030103199/18.09.17 |
| 2006-07 | 2-2 | 36 | കെ.കെ.രാജൻ | 117030103200/18.09.17 |
| 2011-12<br>2012-13 | 2-1 | 960 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030103687/13.10.17 |
| 2013-14 | 2-1 | 3000 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030103787/13.10.17 |
| 2014-15 | 2-3 | 8000 | എം.ഐ.മുഹമ്മദ് | 117030103806/17.10.17 |
| 2007-08 | 2-3 | 1500 | എം.ഐ.മുഹമ്മദ് | 117030103807/17.10.17 |
| 2006-07 | 2-2 | 217 | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 117030103219/19.09.17 |
| 2012-13 | 2-1 | 1950 | കെ.വി.ഏലിയാസ് | 117030103234/19.09.17 |
| 2007-08 | 2-3 | 250 | സീന ജോയ് | 117030103828/19.10.17 |
| 2013-14 | 2-1 | 1990 | ഗോപിനാഥൻ | 117030103835/19.10.17 |
| 2014-15 | 2-2 | 1200 | പി.കെ.പ്രസാദ് | 117030104195/06.11.17 |
| 2006-07 | 2-3 | 100 | പി.കെ.പ്രസാദ് | 117030104196/06.11.17 |
| 2011-12<br>2012-13 | 2-1 | 620 | എം.കെ.പവനൻ | 117030103368/25.09.17 |
| 2012-13 | 2-3 | 2200 | മാനേജർ, പി.വി.എം ഹോസ്പിറ്റൽ | 117030105320/01.12.17 |
| 2013-14 | 2-3ബി | 2200 | മാനേജർ, പി.വി.എം ഹോസ്പിറ്റൽ | 117030105321/01.12.17 |
| 2006-07 | 2-3 | 500 | എബി ഫർണിഷേഴ്സ് | 117030103650/09.10.17 |
| 2007-08 | 2-3 | 3463 | ദിലീപ് * പരേഖ് | 117030500032/07.10.17 |
| 2013-14 | 2-1 | 2000 | ശശി.എം.കെ | 117030102921/29.08.17 |
| 2004-05 | 2-1 | 200 | റ്റി.പി.വർഗ്ഗീസ് | 117030101620/12.07.17 |
| 2006-07 | 2-3 | 1000 | ജോസഫ് ജോയ് | 117030104446/13.11.17 |
| 2007-08 | 2-3 | 250 | ജോസഫ് ജോയ് | 117030104447/13.11.17 |
| 2008-09<br>2009-10<br>2010-11 | 3-6 | 17166 | സി.ദീപ, അസി.എഞ്ചിനീയർ | 117030106414/16.01.18 |
| 2008-09<br>2009-10<br>2010-11 | 3-6 | 8611 | സി.ദീപ, അസി.എഞ്ചിനീയർ | 117030106475/18.01.18 |
| 2008-09<br>2009-10<br>2010-11 | 3-6 | 16500 | സി.ദീപ, അസി.എഞ്ചിനീയർ | 117030106476/18.01.18 |
| 1997-98 | 23 ബി | 912 | പി.കെ.സ്കറിയ | 117030106602/25.01.18 |
| 2014-15 | 2-3 | 1500 | ബിന്ദു അബ്രഹാം | 117030105210/29.11.17 |
| 2008-09<br>2009-10<br>2010-11 | 3-6 | 12900 | സി.ദീപ, അസി.എഞ്ചിനീയർ | 117030106226/08.01.18 |

| | | | | |
|---|---|---|---|---|
| 2008-09<br>2009-10<br>2010-11 | 3-6 | 58094 | സി.ദീപ,<br>അസി.എഞ്ചിനീയർ | 117030500040/08.01.18 |
| 2015-16 | 2-2 | 15656 | അസി.എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി | 117030106205/16.01.18 |
| 1997-98 | 23 എ | 565 | ബേബി | 117030106600/24.01.18 |
| 2008-09<br>2009-10<br>2010-11 | 3-6 | 29678 | സി.ദീപ,<br>അസി.എഞ്ചിനീയർ | 117030106472/18.01.18 |
| 2008-09<br>2009-10<br>2010-11 | 3-6 | 32375 | സി.ദീപ,<br>അസി.എഞ്ചിനീയർ | 117030106473/18.01.18 |
| 2008-09<br>2009-10<br>2010-11 | 3-6 | 4259 | സി.ദീപ,<br>അസി.എഞ്ചിനീയർ | 117030106474/18.01.18 |
| 2004-05 | 2-1 | 425 | എ.പുഷ്പനാഥൻ | 117030101621/12.07.17 |
| 2004-05 | 2-1 | 250 | അജി തോമസ് | 117030101622/12.07.17 |
| 2004-05 | 2-1 | 300 | സി.റ്റി.അലക്സാണ്ടർ | 117030101623/12.07.17 |
| 2004-05 | 2-1 | 340 | സെക്രട്ടറി | 117030101624/12.07.17 |
| 2004-05 | 2-1 | 400 | സെക്രട്ടറി | 117030101625/12.07.17 |
| 2004-05 | 2-1 | 80 | സെക്രട്ടറി | 117030101628/12.07.17 |
| 2005-06 | 2-3ബി | 1250 | ഐഷ സന്തോഷ് | 117030102560/16.08.17 |
| 2006-07 | 2-2 | 99 | സെക്രട്ടറി | 117030101780/19.07.17 |
| 2006-07 | 2-3 | 875 | ബാബു.എം.മത്തായി | 117030101825/20.07.17 |
| 2005-06 | 2-2എ | 90 | സെക്രട്ടറി, മഴവന്നൂർ<br>ഗ്രാമപഞ്ചായത്ത് | 117030101827/20.07.17 |
| 2006-07 | 2-2 | 101 | സെക്രട്ടറി, മഴവന്നൂർ<br>ഗ്രാമപഞ്ചായത്ത് | 117030101833/20.07.17 |
| 2005-06 | 2-3ബി | 3188 | ബിന്ദ പോൾ | 117030101839/21.07.17 |
| 2006-07 | 3-2 | 100 | അനിൽകുമാർ.വി | 117030101844/21.07.17 |
| 2007-08 | 2-2 | 61 | പി.കെ.സ്കറിയ | 117030102328/09.08.17 |
| 2015-16 | 3-2, 3-3 | 7940 | സോന സുനിൽ | 117030103427/27.09.17 |
| 2016-17 | 2-1 | 2500 | അസി.എഞ്ചിനീയർ<br>കെ.എസ്.ഇ.ബി | 117030103464/28.09.17 |
| 2015-16 | 3-2 | 4000 | അപർണ്ണ.എം.എസ് | 117030104415/10.11.17 |
| 2010-11 | 3-2 | 4000 | സേതുലക്ഷ്മിരാജ് | 117030108248/27.03.18 |
| 2015-16 | 3-1 | 10000 | ഉണ്ണിരാജൻ | 117030102248/07.08.17 |
| ആകെ | | 306908 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 41 | 2002-03 2004-05, 7/1.7.9(11) | സർക്കാർ ഉത്തരവിനു വിരുദ്ധമായി തയ്യൽ മെഷീനുകൾ വിതരണം ചെയ്തത് സംബന്ധിച്ച് | സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ട്. ഉത്തരവ് നം.3867/10 /തസ്വഭവ തീ. 9/12/2010 |
| 1998-99, പാഠ. 37 1999-00, പാഠ. 32 | 2002-03 7/1.7.10(1) | വീട് അറ്റകുറ്റപ്പണികൾക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് അംഗീകരിക്കുന്നില്ല. | ഗവൺമെന്റ് സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ സമർപ്പിച്ചിരിക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ. നം | റിപ്പോർട്ട് വർഷം | ഖ. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് ഔദ്യോഗിക സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ്/ നോട്ടീസ് നം | | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീ | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2008-09, 2009-10, 2010-11 | 3-6 | സി.ദീപ, അസി, എഞ്ചിനീയർ | കെ.എസ്.എ 9583/ സ്പെ. സെൽ /സി.എസ്സ് /സി12/15. 04.11.16 | 264935 | 264935 | 0 | 0 | 0 | 264935 | 0 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100278552 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107815520 |
| വരവിനങ്ങളിലുള്ള നഷ്ടം | 17448 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 3130 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 2-1 | 17448 | | ശ്രീ. ജഗദീഷ്.എം. പി, സെക്രട്ടറി |
| 3-3 | | 3130 | ശ്രീ. വിനോദ്. വി. ഡി, അസി. എഞ്ചിനീയർ. |
| | 17448 | 3130 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജഗദീഷ്.എം.പി, സെക്രട്ടറി | സെക്രട്ടറി, മഴവന്നൂർ ഗ്രാമപഞ്ചായത്ത്. | മംഗലത്ത് വീട്, കടാതി, മൂവാറ്റുപുഴ |
| ശ്രീ. വിനോദ്.വി.ഡി, അസി. എഞ്ചിനീയർ. | അസി. എഞ്ചിനീയർ. മഴവന്നൂർ ഗ്രാമപഞ്ചായത്ത്. | വട്ടപ്പറമ്പിൽ, മീമ്പാറ പി ഒ, പൂതൃക്ക |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 4 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, 17.08.2010 | 27 |
| 2008-09 2009-10 2010-11 | കെ.എസ്.എ(ഇ.കെ.എം)പി1 1522/2015.തീ.28.01.2016 | 14 |
| 2011-12 2012-13 | കെ.എസ്.എ(ഇ.കെ.എം)പി1 255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1 640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1 183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1 2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1) 1665/2017, തീ.18.04.2018 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994 -ലെ കേരള മുനിസിപാലിറ്റി നിയമം - വകുപ്പ് 295(6)] 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 [2007-ലെ കേരള മുനിസിപാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും

22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മഴുവന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള അസ്തികളിൽ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം